"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പ്രവൃത്തികൾ തടസ്സം കൂടാതെ ആരംഭിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1024/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/05/2021

പരാമർശം:- 1 സ.ഉ.(സാധാ)നം.828/2020/ത.സ്വ.ഭ.വ തീയതി 05.05.2020

2 നഗരകാര്യ ഡയറക്ടറുടെ 11.05.2020-ലെ ഡിസി.3-9320/2020 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്- 19 രോഗവ്യാപനവും ലോക്ക്ഡൗണും സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം നഗരസഭകൾക്ക് നടപടിക്രമങ്ങൾ പാലിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിലിൻ്റെ അംഗീകാരത്തിനായി നാളിതുവരെ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപെട്ടിട്ടുള്ളതും ടി സാമ്പത്തിക വർഷം പൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളും 2021-2022 സാമ്പത്തികവർഷം സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുത്ത് കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നഗരസഭകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി നടപ്പാക്കുന്ന ആരോഗ്യ ജാഗ്രത പരിപാടിക്കും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും ജല സംരക്ഷണം, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിന് അംഗീകാരം ലഭിച്ച ലേബർ ബഡ്ജറ്റുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് നഗരസഭകൾക്ക് അനുമതി നൽകണമെന്നും നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ്-19 പകർച്ച വ്യാധിയുടെ ഒന്നാം തരംഗം വ്യാപിച്ച ഘട്ടത്തിൽ സമാനമായ അനുമതി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപെട്ടിട്ടുള്ളതും ടി സാമ്പത്തിക വർഷം പൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളും 2021-22 സാമ്പത്തികവർഷം സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുത്തുകൊണ്ട്, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി നടപ്പാക്കുന്ന ആരോഗ്യ ജാഗ്രത പരിപാടിക്കും മഴക്കാല പൂർവ്വ ശുചീകരണ പ്രവർ ത്തനങ്ങൾ ക്കും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും ജല സംരക്ഷണം, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിന്, അംഗീകാരം ലഭിച്ച ലേബർ ബഡ്ജറ്റുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ നഗരസഭകൾക്ക് വരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ കോർപ്പറേഷൻ മേയർമാർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും / സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂമീഡിയ (ഐ& പി.ആർ.ഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2021.05.21 13:18:05
IST
Reason: Approved

സെക്ഷൻ ഓഫീസർ